## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.547 — 26/04/2017-ൽ മറുപടിക്ക്

## ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി

| | ചോദ്യം<br><br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആതിരപ്പള്ളി വൈദ്യുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എത്ര കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക; | (എ) | ആതിരപ്പള്ളി പദ്ധതിയ്ക്ക് ആകെ 138.6 ha. വനഭൂമിയാണ് വേണ്ടത്. ഇതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ വനഭൂമിയിലുള്ള മരങ്ങൾ വനംവകുപ്പ് മുറിച്ചു മാറ്റി കെ.എസ്.ഇ.ബി.എൽ - ന് കൈമാറിയിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 993.41 കോടി രൂപയാണ്. |
| (ബി) | പദ്ധതി നടപ്പാക്കുമ്പോൾ വെള്ളത്തിലാവുന്ന വനത്തിനു പകരം മരങ്ങൾ വെച്ചു പിടിപ്പിക്കാൻ കെ.എസ്. ഇ.ബി. വനം വകുപ്പിന് ഇതിനകം നൽകിയ തുക എത്ര; | (ബി) | 1.14766 കോടി രൂപ |
| (സി) | തൃശ്ശൂർ ജില്ലയിലെ കണ്ണംകുഴിയിൽ ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ പേരിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് ഏതു വർഷത്തിലാണ് പ്രവർത്തനമാരംഭിച്ചത്; | (സി) | 24.08.2000 മുതൽ |
| (ഡി) | ഈ ഓഫീസിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരുണ്ട്; ഇവർക്ക് ശമ്പളം നൽകുന്നതിനായി ഒരു മാസത്തിൽ ചെലവഴിക്കുന്ന തുക എത്ര; | (ഡി) | **ഡിവിഷൻ ഓഫീസ്**<br>എക്സിക്യൂട്ടീവ് എൻജിനീയർ - 1 (ആതിരപ്പിള്ളി ആനക്കയം പദ്ധതികൾക്കായി)<br>സബ് എൻജിനീയർ - 2<br>**സബ് ഡിവിഷൻ ആതിരപ്പിള്ളി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്**<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ -1<br>അസിസ്റ്റന്റ് എൻജിനീയർ - 1<br>സബ് എൻജിനീയർ - 1<br>ശമ്പളം - 5.17 ലക്ഷം (മാസത്തിൽ) |

(....2)

| | | | |
|---|---|---|---|
| (ഇ) | ആതിരപ്പള്ളി വെള്ളച്ചാട്ടത്തെ ബാധിക്കാത്ത വിധം പദ്ധതി എപ്രകാരം നടപ്പാക്കാനാണ് വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഇ) | ആതിരപ്പിള്ളി വെള്ളച്ചാട്ടത്തെ ബാധിക്കാത്ത രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട അണക്കെട്ടിന് തൊട്ടുതാഴെയായി 3 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഡാം ടോ പവർ ഹൗസ് നിർമ്മിച്ച് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിലൂടെ ചുരുങ്ങിയത് 7.65 $m^3$ എന്ന തോതിൽ ബഹിർഗമിക്കുന്ന വെള്ളം ഇന്നുള്ളതുപോലെ തന്നെ വെള്ളച്ചാട്ടം 365 ദിവസവും നിലനിർത്തുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ